**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1323** **14-03-2022 - ൽ മറുപടിയ്ക്ക്**

**കേരള വിദ്യാഭ്യാസ കോൺഗ്രസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ കോൺഗ്രസ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ? | (എ) | പൊതു വിദ്യാഭ്യാസ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കേരളം ഏറെ മുന്നിലാണ്. നൂതനവും കൂടുതൽ ശാസ്ത്രീയവുമായ പഠന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കൂടുതൽ കരുത്തോടെ മുന്നോട്ട്പോകേണ്ടതുണ്ട്. അതിനാവശ്യമായ ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി ആലോചിക്കുകയാണ്. ഇതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ കോൺഗ്രസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.അന്താരാഷ്ട്ര തലത്തിലെ വിവിധ സർവ്വകലാശാലകളിൽ നിന്നുമുള്ള വിദ്യാഭ്യാസ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി സംഘടിപ്പിക്കുന്ന പ്രബന്ധാവതരണങ്ങളും ചർച്ചകളുമാണ് വിദ്യാഭ്യാസ കോൺഗ്രസിലൂടെ ഉദ്ദേശിക്കുന്നത്. പ്രസ്തുത വിഷയം എസ്.സി.ഇ.ആർ.ടിയുടെ 75- ാമത് ഗവേണിംഗ് ബോഡിയിൽ അവതരിപ്പിക്കുകയും വിദ്യാഭ്യാസ കോൺഗ്രസ് നടത്തുന്നതിന് ഗവേണിംഗ് ബോഡി തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പരിപാടിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ